(ബി) വിശദമാക്കാം. സംസ്ഥാന സഹകരണ യൂണിയന്റെ ജനറൽ ബോഡിയിൽ സർക്കിൾ സഹകരണ യൂണിയന്റെ പ്രതിനിധികൾ കൂടി ഉൾപ്പെടുന്നതാകയാൽ കേരള സഹകരണ നിയമം വകുപ്പ് 88 (എ) പ്രകാരം നിയമിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ ഭരണസ്തംഭനം ഒഴിവാക്കാൻ നിയമിക്കപ്പെട്ട ഓഫീസർക്കോ സംസ്ഥാന സഹകരണ യൂണിയനിലേക്ക് പ്രതിനിധികളെ അയയ്ക്കാമെന്നും അപ്രകാരം സംസ്ഥാന സഹകരണ യൂണിയൻ വിധി പകർപ്പ് കൈപ്പറ്റി മൂന്ന് മാസത്തിനകം തെരഞ്ഞെടുപ്പ് നടത്തണമെന്നുമാണ് ഹൈക്കോടതി വിധി.

(സി) സംസ്ഥാന സഹകരണ യൂണിയൻ മാനേജിംഗ് കമ്മിറ്റിയുടെ തെരഞ്ഞെടുപ്പ് നടത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 8-12-2003-ലെ പി.റ്റി. (1) 50577/2003 നമ്പർ ഉത്തരവ് പ്രകാരം വരണാധികാരിയെ നിയമിക്കുകയും തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) തെരഞ്ഞെടുപ്പ് നടത്താൻ കോടതി നിർദ്ദേശിച്ച മാനേജിംഗ് കമ്മിറ്റിയുടെ ഘടന മാറ്റുന്നതിന് കോടതി വിധിക്കുശേഷം സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ സർക്കിൾ സഹകരണ യൂണിയനുകളുടെ മാനേജിംഗ് കമ്മിറ്റിയിൽ, നിലവിൽ സഹകരണ രംഗത്തുള്ള എല്ലാ മേഖലകൾക്കും പ്രാതിനിധ്യം ഇല്ലാത്തതിനാൽ ആയത് പരിഹരിക്കുന്നതിന് ഡയറി, ഫിഷറീസ്, വ്യവസായം തുടങ്ങിയ മേഖലകളിലുള്ള സഹകാരികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സഹകരണ യൂണിയന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പരിയാരം അക്കാദമി ഓഫ് മെഡിക്കൽ സയൻസിന്റെയും ആശുപത്രി സൊസൈറ്റിയുടേയും പ്രവർത്തനം

104 [544] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരത്തെ അക്കാദമി ഓഫ് മെഡിക്കൽ സയൻസും അനുബന്ധിച്ചുള്ള ആശുപത്രി സൊസൈറ്റിയും അവയുടെ ഭരണ നിർവ്വഹണം ഗവൺമെന്റിൽ നിന്നും ഒഴിവായതിനു ശേഷം ആസ്തി-ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ സ്ഥാപനങ്ങൾ ഓരോന്നിനും ഏറ്റവും ഒടുവിലത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി-ബാദ്ധ്യതകളെ സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയ ഭരണ സമിതികൾ നിലവിൽ വന്നതിനു ശേഷം അക്കാഡമിയും ആശുപത്രി സൊസൈറ്റിയും ഏതെല്ലാം തസ്തികകളിൽ എത്ര വീതം നിയമനങ്ങൾ നടത്തുകയുണ്ടായി;

(ഡി) അക്കാഡമിയും ആശുപത്രി സംഘവും തമ്മിലുള്ള ധാരണാപത്രം അനുസരിച്ച് ഇതേവരെയുള്ള സേവനങ്ങളുടെ അടിസ്ഥാനത്തിൽ അക്കാഡമി, ആശുപത്രി സൊസൈറ്റിക്ക് എത്ര കോടി രൂപ നൽകേണ്ടതായിട്ടുണ്ട്;

(ഇ) അക്കാഡമിയുടെ മാനേജിംഗ് കമ്മിറ്റിയിൽ ഏതെല്ലാം പ്രാതിനിധ്യത്തിൽ എത്ര പേരുണ്ട്; അവർ ആരൊക്കെയാണ്;

(എഫ്) അക്കാഡമിയുടെയും ആശുപത്രി സൊസൈറ്റിയുടെയും നിലവിലുള്ള ബൈലോകളുടെ ഒരു പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) അക്കാഡമി ഓഫ് മെഡിക്കൽ സയൻസിന്റേയും ആശുപത്രി സഹകരണ സംഘത്തിന്റേയും ഭരണ നിർവ്വഹണം ഗവൺമെന്റിൽ നിന്നും ഒഴിവായ അവസരത്തിൽ പ്രത്യേകമായി ആസ്തി-ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിരുന്നില്ല. എന്നാൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് പ്രകാരം മൊത്തം ബാദ്ധ്യത, 2001 മാർച്ചിൽ 148.01 കോടി രൂപയുടേതായിരുന്നു. പിന്നീട് അക്കൗണ്ടുകൾ കൃത്യമായി എഴുതുകയും ലാഭ-നഷ്ട കണക്ക്, കട-ധനപ്പട്ടിക എന്നിവ തയ്യാറാക്കി ആസ്തി-ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ബി) അക്കാഡമി ഓഫ് മെഡിക്കൽ സയൻസിന്റെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ആസ്തികളും ആശുപത്രി സഹകരണ സംഘമാണ് ഒരുക്കിക്കൊടുക്കുന്നത്. ആശുപത്രി സഹകരണ സംഘത്തിന്റെ 31-3-2003 വരെയുള്ള കട-ധനപ്പട്ടിക പ്രകാരം 179.69 കോടി രൂപയുടെ ആസ്തിയും 241.11 കോടി രൂപയുടെ ബാദ്ധ്യതയുമുണ്ട്.

(സി) പുതിയ ഭരണസമിതികൾ നിലവിൽ വന്നശേഷം മെഡിക്കൽ കൗൺസിൽ, ഫാർമസി കൗൺസിൽ, നേഴ്സിംഗ് കൗൺസിൽ എന്നിവയുടെ മാനദണ്ഡമനുസരിച്ചുള്ള 138 ഓളം ജീവനക്കാരെ 26 തസ്തികകളിലായി അക്കാഡമിയിൽ നിയമിച്ചിട്ടുണ്ട്. ആശുപത്രി സംഘത്തിൽ ഒരു തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും എട്ടു പാരാ മെഡിക്കൽ ജീവനക്കാരെ റഗുലർ തസ്തികയിലും 119 പാരാമെഡിക്കൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിലുമായി 21 ഓളം തസ്തികകളിൽ നിയമിച്ചിട്ടുണ്ട്.

(ഡി) അക്കാഡമിയും ആശുപത്രി സഹകരണ സംഘവും തമ്മിലുള്ള ധാരണാപത്രം അനുസരിച്ച് അക്കാഡമി സഹകരണസംഘത്തിന് 31-3-2003 വരെ 29 കോടി രൂപ നൽകേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അക്കാഡമി ഗവേണിംഗ് കൗൺസിൽ അംഗങ്ങളുടെ വിവരം താഴെ പറയും പ്രകാരമാണ്:

1. ശ്രീ. കെ. കരുണാകരൻ, കെ.സി.എച്ച്.സി. നോമിനേറ്റ് ചെയ്ത പ്രശസ്ത വ്യക്തി.
2. ശ്രീ. എം. വി. രാഘവൻ, ചെയർമാൻ, കെ.സി.എച്ച്.സി.
3. ഡോ. പി. സി. കേശവൻകുട്ടി നായർ, മെഡിക്കൽ എക്സ്പെർട്ട്.
4. ഡോ. പി. പി. ജോസഫ്, മെഡിക്കൽ എക്സ്പെർട്ട്, കെ.സി.എച്ച്.സി. നോമിനി
5. ശ്രീ. കെ. സുധാകരൻ, കെ.സി.എച്ച്.സി. നോമിനി.
6. ശ്രീ. എൻ. എ. മുഹമ്മദ്, കെ.സി.എച്ച്.സി. നോമിനി.
7. ശ്രീ. പാട്യം രാജൻ, കെ.സി.എച്ച്.സി. നോമിനി.
8. ശ്രീ. ഇ. അഹമ്മദ്, എം. പി., കെ.സി.എച്ച്.സി. നോമിനി.
9. ശ്രീ. കെ.ആർ. അരവിന്ദാക്ഷൻ, കെ.സി.എച്ച്.സി. നോമിനി.
10. ശ്രീ. പി. ബാലൻ മാസ്റ്റർ, കെ.സി.എച്ച്.സി. നോമിനി.
11. ഡോ. എസ്. ഹരിഹരൻ, ഡയറക്ടർ, എ.സി.എം.ഇ.

(എഫ്) ബൈലോകളുടെ പകർപ്പുകൾ ഇതോടൊപ്പം സമർപ്പിക്കുന്നു. †

'കോയിൻസ്' ഉണ്ടാക്കിയ ധാരണാപത്രം

105 [547] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ഇൻഷ്വറൻസ് സംഘം (കോയിൻസ്) എ. എം. പി. സൻമാറുമായി ലൈഫ് ഇൻഷ്വറൻസ് ബിസിനസ് നടത്തുന്നതിന് ധാരണാപത്രത്തിൽ ഒപ്പു വച്ചിട്ടുണ്ടോ;

(ബി) പ്രധാനമായും എന്തെല്ലാം ധാരണകളാണ് ഉണ്ടാക്കിയിട്ടുള്ളത്; ധാരണാ പത്രത്തിന്റെ ഒരു പകർപ്പ് മേശപ്പുറത്ത് വെയ്ക്കാമോ;

(സി) എൽ. ഐ.സി.-യുമായി ഇത്തരമൊരു ധാരണയുണ്ടാക്കാൻ 'കോയിൻസ്' ശ്രമിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ അത് സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) എ.എം.പി.-സൻമാറുമായി ചേർന്ന് ബിസിനസ് നടത്തുന്നതുകൊണ്ട് 'കോയിൻസ്'-നേയും സഹകരണ മേഖലയുടേയും എന്തെല്ലാം താൽപ്പര്യങ്ങളാണ് സംരക്ഷിക്കപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly